(ജി) ബ്രഹ്മപുരം ഡീസൽ പ്ലാന്റ്, ശിവഗിരി കമ്മിഷനുകളുടെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

പ്രതികളെ അറസ്റ്റുചെയ്യാൻ പോയ പോലീസ് ഉദ്യോഗസ്ഥരെ തടഞ്ഞ സംഭവങ്ങൾ

84(825) ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പ്രതികളെ അറസ്റ്റ് ചെയ്യാൻ പോയ പോലീസ് ഉദ്യോഗസ്ഥരെ രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരെ നാട്ടുകാരോ ബലംപ്രയോഗിച്ച് തടഞ്ഞ എത്രസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) അത്തരം എത്ര സംഭവങ്ങളിൽ കേസെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) പോലീസ് ഔദ്യോഗികകൃത്യ നിർവ്വഹണത്തിൽ തടസ്സമുണ്ടാക്കിയത് സംബന്ധിച്ച് എത്ര കേസുകൾ ഇതേവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇത്തരം കേസുകളിൽ ഏറ്റവും കൂടുതൽ പേർ പ്രതികളായിട്ടുള്ളത് ഏത് രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ;

(ഇ) ചിറ്റാർ, വിതുര, നേമം എന്നീ പോലീസ് സ്റ്റേഷനുകൾ ഒരുസംഘം ആളുകൾ ആക്രമിച്ചത് സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ, അതിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) 98 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 98 സംഭവങ്ങളിലും കേസെടുത്തിട്ടുണ്ട്.

(സി) 1004 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം കേസുകളിൽ കോൺഗ്രസ്(ഐ)യിൽപ്പെട്ടവരാണ് ഏറ്റവും കൂടുതൽ പ്രതികളായിട്ടുള്ളത്.

(ഇ) ചിറ്റാർ, വിതുര, നേമം എന്നീ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടിട്ടില്ല. എന്നാൽ വിതുര പോലീസ് സ്റ്റേഷനുനേരെ ചില സാമൂഹ്യവിരുദ്ധർ പുറത്തു നിന്ന് കല്ലെറിയുകയും മറ്റും ചെയ്തതുമായി ബന്ധപ്പെട്ട് വിതുര പോലീസ് ക്രൈം നമ്പർ 23/98 ആയി രജിസ്റ്റർചെയ്ത കേസ്സിൽ 74 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

നിസ്സയുടെ മരണം

85(826) ശ്രീ. എ. അലി ഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല ചെറുന്നിയൂർ പഞ്ചായത്തിൽപ്പെട്ട പാലച്ചിറ കൈപടയ്ക്കൽ വീട്ടിൽ ശ്രീ. ഹൈദ്രോസിന്റെ മകൾ നിസ്സ എന്ന യുവതി നിലമേൽ എന്ന സ്ഥലത്ത് ഭർതൃഗൃഹത്തിൽ വച്ച് സംശയകരമായ നിലയിൽ മരിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

LIBRARY ARCHIVES Kerala Legislative Assembly